" ഭരണ ഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ഐ1/4371/2019

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം-33
തീയതി: 16.01.2020

## <u>സർക്കുലർ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -പ്ലാനിംഗ് വിഭാഗം- ഇന്ത്യാ സ്കിൽസ് കേരള 2020 ജില്ലാതല മത്സരങ്ങൾ നടത്തുന്നത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ നൽകുന്നു.

-----

ഇന്ത്യാ സ്കിൽസ് 2020 ന്റെ ജില്ലാതല മത്സരങ്ങൾ 2020 ജനുവരി 15-ാം തിയതിയിൽ വിവിധ വേദികളിൽ ആരംഭിച്ചിട്ടുണ്ട് എങ്കിലും രജിസ്ട്രേഷനുമായി താരതമ്യം ചെയ്യുമ്പോൾ മത്സരത്തിൽ പങ്കെടുത്തവരുടെ എണ്ണം വളരെ കുറവായിട്ടാണ് കാണുന്നത്. 15.01.2020 -ന് 6 ജില്ലകളിൽ സർക്കാർ പ്രാദേശിക അവധി പ്രഖ്യാപിച്ചത്കൊണ്ടും സാങ്കേതിക സർവ്വകലാശാലയുടേത് ഉൾപ്പെടെയുള്ള പരീക്ഷകൾ നടക്കുന്നതിനാലും 15.01.2020- ന് മത്സരത്തിന് ഹാജരാകാൻ സാധിക്കുകയില്ല എന്ന് അറിയിച്ചുകൊണ്ട് നിരവധി അപേക്ഷകൾ ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേഖലാതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള മത്സരാർത്ഥികളുടെ അവസരം നഷ്ടമാകാൻ സാധ്യതയുണ്ട്. ആയതിനാൽ ജില്ലാതല മത്സരങ്ങൾ നടക്കുന്ന വേദിയിലെ പ്രിൻസിപ്പാൾമാർക്കായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ജില്ലാതല മത്സരങ്ങൾ 15.01.2020 മുതൽ 20.01.2020 വരെ ക്രമീകരിച്ചിട്ടുള്ളതിനാൽ മത്സര വേദികളായ ഐ.ടി.ഐകളിൽ മത്സരം നടത്തുന്ന ഓരോ സ്കില്ലിലും രണ്ട് ഉദ്യോഗസ്ഥൻ എന്ന ക്രമത്തിൽ ഇന്നുതന്നെ ഒരു കമ്മറ്റി രേഖാമൂലം രൂപീകരിക്കേണ്ടതും ടി കമ്മറ്റി അടിയന്തിരമായി രജിസ്റ്റർ ചെയ്തിട്ട് 15.01.2020-ന് മത്സരങ്ങളിൽ ഹാജരാകാത്ത എല്ലാവരേയും ഫോണിൽ ബന്ധപ്പെട്ട് 17.01.2020- ൽ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ് എന്ന് അറിയിച്ച് അവരെക്കൂടി മത്സരത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള ചുമതല നൽകേണ്ടതാണ്. ഇപ്രകാരം രൂപീകരിക്കുന്ന കമ്മറ്റിയെ സംബന്ധിച്ച വിവരം ഇന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി ' indiaskillskerala2020@gmail.com' എന്ന ഇ-മെയിൽ വിലാസത്തിൽ നൽകേണ്ടതാണ്.
2. സ്ക്രീനിംഗ് മത്സരം നടത്തേണ്ടി വന്നാൽ ആവശ്യമാണെങ്കിൽ മുൻപ് തന്നിട്ടുള്ള ചോദ്യത്തിൽ നേരിയ വ്യത്യാസം വരുത്തി സ്ക്രീനിംഗ് ചോദ്യപേപ്പർ തയ്യാറാക്കി മത്സരം നടത്താൻ അസ്സസർമാരോട് നിർദ്ദേശിക്കേണ്ടതാണ്.
3. സ്ക്രീനിംഗ് ടെസ്റ്റിന് ശേഷം മറ്റ് മത്സരാർത്ഥികൾക്ക് നൽകിയ ചോദ്യപേപ്പർ തന്നെ ഇവർക്കും നൽകി അവരുടെ നൈപുണ്യ മികവ് പരിശോധിക്കാനും അസ്സസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

4. ഇത്തരത്തിൽ പുതിയതായി മത്സരിക്കുന്നവരിൽ നിന്നും ഏതെങ്കിലും സ്കീമിൽ ഒന്നിൽ കൂടുതൽ ജില്ലകളിലെ പരീക്ഷ ഒരു വേദിയിൽ തന്നെ നടക്കുന്നുവെങ്കിൽ ഓരോ ജില്ലയിലും മേഖലാതല മത്സരങ്ങൾക്ക് യോഗ്യരായ 5 പേരുടെ പ്രത്യേക പട്ടിക തയ്യാറാക്കുവാൻ അസ്സസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇങ്ങനെ പട്ടിക തയ്യാറാക്കുമ്പോൾ 15.01.2020- ന് മത്സരത്തിൽ പങ്കെടുത്തവരുടേയും തുടർന്ന് ഫോണിലൂടെ വിളിച്ചറിയിച്ച് 17.01.2020 -ന് മത്സരത്തിൽ പങ്കെടുക്കുന്നവരുടേയും പ്രത്യേകം പട്ടിക (ഒരു ജില്ലയ്ക്ക് പരമാവധി 5 പേർ വീതം) തയ്യാറാക്കേണ്ടതാണ്.
5. മത്സരത്തിൽ ഓരോ വേദിയിലും പങ്കെടുക്കാൻ യോഗ്യരായ മത്സരാർത്ഥികളുടെ വിവരം അതാത് മത്സര വേദിയുടെ ലോഗിൻ പേജിൽ (വെബ് പോർട്ടൽ) ലഭ്യമായതിനാൽ മത്സരത്തിൽ പങ്കെടുത്തവരുടേയും അല്ലാത്തവരുടേയും വിവരങ്ങൾ വെബ്പോർട്ടിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ ഫോണിലൂടെ വിളിച്ച് വരുത്തി 17.01.2020-ൽ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ഹാജറും മാർക്കും വെബ് പോർട്ടലിൽ ഇപ്പോൾ രേഖപ്പെടുത്തേണ്ടതില്ല. ഇവരുടെ പരീക്ഷ കഴിഞ്ഞതിനുശേഷം ആയതിന്റെ റിസൾട്ട് പ്രത്യേക പട്ടികയായി സൂക്ഷിക്കേണ്ടതും ഈ കാര്യാലയത്തിൽ നിന്നും തുടർ അറിയിപ്പ് വരുന്ന മുറക്ക് മാത്രം പോർട്ടലിൽ രേഖപ്പെടുത്തിയാൽ മതിയാകും.
6. സ്ക്രീനിംഗ് മത്സരത്തിന്റെ മാർക്ക് ഒഴികെ ജില്ലാ മത്സരത്തിൽ പങ്കെടുത്തവരുടെ (ഹോൾടിക്കറ്റിൽ അനുവദിച്ചിരുന്ന തിയതിയിൽ തന്നെ മത്സരത്തിൽ പങ്കെടുത്തവരുടെ മാത്രം) വെബ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
7. ജില്ലാതല മത്സരവേദിയിൽ മുൻഖണ്ഡിക (1) ൽ സൂചിപ്പിട്ടുള്ള കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെന്നും അതനുസരിച്ച് 15.01.2020 ന് മത്സരത്തിന് ഹാജരാകാത്ത മത്സരാർത്ഥികളെ ഫോണിലൂടെ ബന്ധപ്പെട്ട് മത്സരത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന കാര്യവും ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട ജില്ലയിലെ ഐ.ടി.മാർക്ക് നിർദ്ദേശം നൽകുന്നു.

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ് :
ജില്ലാതല മത്സരവേദിയിലെ പ്രിൻസിപ്പാൾമാർക്ക്.

പകർപ്പ് :
എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്കും

എസ്.എച്ച്. 16.01.2020 എസ്.എച്ച്.